ക്ഷീരകർഷകന് പാലിന് നൽകുന്ന വില

115 (826)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര കർഷകന് പാലിന് ലിറ്ററിന് ചുരുങ്ങിയത് 10 രൂപയെങ്കിലും വില നൽകണമെന്ന് സഹകരണ സംഘങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഈ നിർദ്ദേശം ലംഘിക്കപ്പെട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മിൽമ മലബാർ മേഖലാ യൂണിയൻ പാലിന് 50 പൈസ കർഷകന് കുറച്ചു നൽകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എറണാകുളം, തിരുവനന്തപുരം മേഖലകളിൽ ക്ഷീരകർഷകന് ലിറ്ററിന് 10 രൂപ വില നൽകുന്നതുപോലെ മലബാർ മേഖലയിലും നൽകാൻ മിൽമയ്ക്ക് നിർദ്ദേശം നൽകാനുദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്. മിൽമ സംഭരിക്കുന്ന നിയമാനുസൃത ഗുണ നിലവാരമുള്ള പാലിന് 10 രൂപ 21 പൈസയാണ് സംഘങ്ങൾക്ക് നൽകുന്നത്. ഗുണനിലവാരം അനുസരിച്ചുള്ളതും ക്ഷീര വികസന ഡയറക്ടറുടെ അംഗീകാരത്തോടുകൂടിയുള്ള പാൽവില ചാർട്ട് ആണ് മിൽമാ സംഘതലത്തിലും ഡയറി തലത്തിലും നടപ്പാക്കിയിട്ടുള്ളത്.

(ബി) അപൂർവ്വം കേസ്സുകളിൽ ലംഘിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) നിർദ്ദേശം നേരത്തെ നൽകിയിട്ടുണ്ട്. എന്നാൽ പാലിന്റെ ഉൽപ്പാദനത്തിലും സംഭരണത്തിലും ഉണ്ടാകുന്ന ഏറ്റകുറച്ചിലുകൾക്ക് ആനുപാതികമായും മേഖലായൂണിയനുകളുടെ സാമ്പത്തിക നില തകരാറിലാകാതെയും ഉതകുന്ന തരത്തിൽ പാൽ വിലയിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാനുള്ള സ്വയംഭരണാവകാശം മിൽമയുടെ 3 മേഖലാ യൂണിയനുകളിലും നിക്ഷിപ്തമാണ്. ഇപ്പോൾ അധിക പാൽ സംഭരിച്ചു വരുന്നതിനാൽ സർപ്ലസ് സീസൺ അവസാനിപ്പിക്കുന്നതുവരെയുള്ള കാലയളവിൽ അതായത് 1.12.99 മുതൽ 15.1.2000 വരെ പാൽ വിലയിൽ ലിറ്ററിൽ 50 പൈസാ കുറവ് വരുത്താനുള്ള മലബാർ യൂണിയന്റെ അപേക്ഷ ക്ഷീര വികസന വകുപ്പ് ഡയറക്ടർ അംഗീകരിച്ചിട്ടുണ്ട്.

ഐ.സി.ഡി.പി സബ്സെന്റർ

116 (827) ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ഐ.സി.ഡി.പി. സബ്സെന്റർ ആരംഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പേരാവൂർ നിയോജകമണ്ഡലത്തിലെ കൂടാളി പഞ്ചായത്തിൽ ഒരു ഐ.സി.ഡി.പി. സബ്സെന്റർ ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 285 എണ്ണം

(ബി)&(സി) 31.3.1998ലെ ജി.ഒ. (എം.എസ്) 82/98/എ.ഡി. നംപർ സർക്കാർ ഉത്തരവനുസരിച്ച് കൂടാളി പഞ്ചായത്തിൽ, കൂട്ടോളിപ്പുറത്തും കൂട്ടോളി മിൽക്ക് സൊസൈറ്റിയോടനുബന്ധിച്ചും രണ്ട് ഐ.സി.ഡി.പി. സബ്സെന്ററുകൾ അനുവദിച്ചിട്ടുണ്ട്. അവ രണ്ടും തുടങ്ങുന്നതിനുള്ള അനുമതിയും നൽകി കഴിഞ്ഞു.

ക്ഷീരവികസന ആഫീസർ തസ്തിക

117(828) ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന ആഫീസർ തസ്തികയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് അനുസരിച്ച് നിലവിൽ എത്ര ഒഴിവുകളുണ്ട്;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് അപേക്ഷിക്കുവാനുള്ള യോഗ്യത എന്താണ്;

(സി) പ്രസ്തുത തസ്തികയ്ക്ക് അപേക്ഷ ക്ഷണിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അഞ്ച്

(ബി) ക്ഷീരവികസന ഓഫീസർ തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനുള്ള നിശ്ചിതയോഗ്യതയനുസരിച്ച് അപേക്ഷകന് ഡയറി സയൻസിൽ ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച ബിരുദമോ അല്ലെങ്കിൽ ഐ.ബി.എ.ആർ. അംഗീകരിച്ച സ്ഥാപനത്തിലെ ഡയറി സയൻസിലെ ബിരുദമോ ഉണ്ടായിരിക്കണം. എന്നാൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കു മാത്രമായുള്ള നിയമനത്തിന് മേൽപ്പറഞ്ഞ യോഗ്യതയിൽ ഇളവു വരുത്തി സയൻസ് ഐശ്ചിക വിഷയമായുള്ള ബിരുദം യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രസ്തുത തസ്തികയുടെ മിനിമം ശമ്പളവും അലവൻസും നൽകിക്കൊണ്ട് രണ്ടു വർഷത്തെ പ്രീസർവീസ് ട്രെയിനിംഗ് പൂർത്തിയാക്കേണ്ടതുണ്ട്.

(സി) ക്ഷീരവികസന വകുപ്പിൽ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കുള്ള പ്രത്യേക നിയമനത്തിനായി ഒഴിഞ്ഞു കിടക്കുന്ന അഞ്ച് ക്ഷീരവികസന ആഫീസർ തസ്തികയിലെ നിയമനത്തിന് പബ്ലിക് സർവീസ് കമ്മീഷൻ 31.12.96 ലെ ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. റാങ്ക്ലിസ്റ്റ് ഇതുവരെയും പ്രസിദ്ധീകരിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly